# ജാതിലക്ഷണം

ശ്രീനാരായണഗുരു

# ജാതിലക്ഷണം

**കവിത**

## ശ്രീനാരായണഗുരു

**താളിളക്കം**

**2020**

പേര്: **ജാതിലക്ഷണം**

ഭാഷ മലയാളം

വിഭാഗം: കവിത

രചന: ശ്രീനാരായണഗുരു

പ്രസാധകർ: **താളിളക്കം**

ഡിസംബർ 2020

Layout Design: പ്രവീൺ വർമ്മ

Copyleft:

ലാടെക്കിൽ നിർമ്മിച്ചതാണിത്.
ഓൺലൈൻ വായനയ്ക്ക് വേണ്ടി.
ഉബണ്ടു ഓപ്പറേറ്റിങ് സിസ്റ്റത്തിലൂടെ.
കടപ്പാട് : വിക്കിപ്പീഡിയ.

## ജാതിലക്ഷണം

പുണർന്നുപെറുമെല്ലാമൊ-
രിനമാം, പുണരാത്തത്
ഇനമ,ല്ലിനമാമിങ്ങൊ-
രിണയാർന്നൊത്തു കാൺമതും. 1

ഓരോയിനത്തിനും മെയ്യു-
മോരോ മാതിരിയൊച്ചയും
മണവും ചുവയും ചൂടും
തണുവും നോക്കുമോർക്കണം. 2

തുടർന്നോരോന്നിലും വെവ്വേ-
റടയാളമിരിക്കയാൽ
അറിഞ്ഞീടുന്നു വെവ്വേറെ
പിരിച്ചോരോന്നുമിങ്ങു നാം. 3

പേരൂരു തൊഴിലീ മൂന്നും
പോരുമായതു കേൾക്കുക!
ആരു നീയെന്നു കേൾക്കേണ്ട
നേരു മെയ്യന്നെ ചൊല്കയാൽ. 4

ഇനമാർന്നുടൽതാൻ തന്റെ-
യിനമേതെന്നു ചൊൽകയാൽ
ഇനമേതെന്നു കേൾക്കില്ല
നിനവും കണ്ണുമുള്ളവർ. 5

പൊളിചൊല്ലുന്നിനം ചൊൽവ-
തിഴിവെന്നു നിനയ്ക്കയാൽ,
ഇഴിവില്ലിനമൊന്നാണു
പൊളി ചൊല്ലരുതാരുമേ. 6

ആണും പെണ്ണും വേർതിരിച്ചു
കാണുംവണ്ണമിനത്തെയും

കാണണം കുറികൊണ്ടിമ്മ-
ട്ടാണു നാമറിയേണ്ടത്. 7

അറിവാമാഴിയിൽനിന്നു
വരുമെല്ലാവുടമ്പിനും
കരുവാണിന,മീ നീരിൻ
നിരതാൻ വേരുമായിടും. 8

അറിവാം കരുവാൻ ചെയ്ത
കരുവാണിനമോർക്കുകിൽ
കരുവാർന്നിനിയും മാറി
വരുമീ വന്നതൊക്കെയും. 9

ഇനമെന്നിതിനെച്ചൊല്ലു-
ന്നിന്നതെന്നറിയിക്കയാൽ
ഇനമില്ലെങ്കിലില്ലൊന്നു-
മിന്നതെന്നുള്ളുളുഴിയിൽ. 10

പ്രസാധകർ

**താളിളക്കം**